ഇത്തരം തട്ടിപ്പുമൂലം നിക്ഷേപകർക്കും മറ്റ് ഉണഭോക്താക്കൾക്കും ഉണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്.

(ഡി) സാധാരണക്കാരുടെ ആശ്രയമായ സഹകരണ മേഖലയുടെ ക്രയവിക്രയശേഷി കുറയുന്നത് സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**സഹകരണ സ്ഥാപനങ്ങളും കാർഷിക മേഖലയും**

225(3657)ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി 3 ലക്ഷത്തിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും ഇതിനുപുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി കേരളാ ബാങ്കിൽനിന്നും താഴെപ്പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. കെ. ബി. കിസാൻ മിത്ര (Above 3 lakhs)

2. KBLT Agricultural Refinance

3. KB കിസാൻ മിത്ര

1. കർഷകർക്ക് വസ്തു ഈടിന്മേൽ അതാത് വർഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ച് വരുന്നു.

2. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ച് വരുന്നു.

3. പരമാവധി 15 വർഷത്തേക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ച് വരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി KB Micro food processing വായ്പ നൽകി വരുന്നു. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽനിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖല കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF-II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശികയില്ലാത്ത പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ്

LIBRARY ARCHIVES Kerala Legislative Assembly

വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റായോ, മാസതവണകളായി ഒരു വർഷകാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു.

(ബി) കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ നിശ്ചിത ശതമാനം കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

നിലവിലുണ്ട്. ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ 20% എങ്കിലും കാർഷിക വായ്പ നൽകിയിരിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാർഷിക വായ്പ നൽകുന്നതിന്റെ അളവ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. തുടർച്ചയായി ഉണ്ടാകുന്ന പ്രളയവും, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ കാരണവും കാർഷികവൃത്തിയിൽ നഷ്ടം നേരിടുന്നതിനാലും, നിലവിലുള്ള വായ്പ തിരിച്ചടയ്ക്കാതെ കുടിശ്ശികയായി ബാക്കി നിൽക്കുന്നതിനാലും പല കർഷകർക്കും ആവശ്യത്തിനനുസരിച്ച് വായ്പ നൽകുവാൻ ബാങ്കുകൾക്ക് സാധിക്കുന്നില്ല. കൂടാതെ കൃഷി അനുബന്ധപ്രവർത്തനങ്ങൾ കുറഞ്ഞു വരുന്നതും കാർഷിക മേഖലയിലെ ഉയർന്ന ഉൽപാദന ചെലവും കർഷകർ മറ്റു ജോലികളിലേയ്ക്ക് മാറിയിട്ടുള്ളതും കാരണം കാർഷിക വായ്പ അപേക്ഷകരുടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്നു.

(ഡി) സഹകരണ മേഖലയിലെ കർഷക സേവന കേന്ദ്രങ്ങൾ കർഷകർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

കർഷക സേവന കേന്ദ്രങ്ങൾക്ക് നൂതന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൃഷിക്കാവശ്യമായ യന്ത്രവൽകൃത സേവനങ്ങൾ നൽകുന്നതിനും ജൈവ കൃഷി, ജൈവവളശാലകൾ, നഴ്സറികൾ തുടങ്ങിയ സേവനങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ വഴി നൽകുന്നു. കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി എന്നിവയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക, കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിന്റെ കേന്ദ്രമായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളാണ് കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ. 2021-22 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### വിദ്യാ തരംഗിണി പദ്ധതി

226(3658) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ ഓൺലൈൻ പഠനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ വഴി പലിശരഹിത വായ്പ നൽകുന്ന പദ്ധതിയാണ് വിദ്യാതരംഗിണി. അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്കു പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്.

### ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുറ്റത്തെ മുല്ല പദ്ധതി

227(3659)ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 282 കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly